## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.639** **04.02.2020 ൽ മറുപടിയ്ക്ക്**

## വീട്ടുകൾക്കുമുകളിൽ സൗരോർജ്ജ പാനലുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വീട്ടുകൾക്കുമുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് അതിൽ നിന്ന് വൈദ്യുതി ശേഖരിക്കുന്ന കെ.എസ്.ഇ.ബി. യുടെ സൗരോർജ്ജ പദ്ധതി ഉപേക്ഷിക്കുകയുണ്ടായോ; വ്യക്തമാക്കുമോ; | (എ)<br>(ബി)<br>&<br>(സി) | വീടുകൾക്ക് സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് അതിൽ നിന്ന് വൈദ്യുതി ശേഖരിക്കുന്ന കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ സൗരോർജ്ജ പദ്ധതി നടപ്പിലാക്കി വരികയാണ്. ഊർജ്ജ കേരള മിഷന്റെ ഭാഗമായി പ്രഖ്യാപിച്ച സൗരോർജ്ജ പദ്ധതിയിലൂടെ കേരളത്തിലെ സൗരോർജ്ജ വൈദ്യുതി ഉത്പാദനം 1000 മെഗാവാട്ട് എത്തിയ്ക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽ നിന്നും 500 മെഗാവാട്ട് വൈദ്യുതിയും ഫ്ലോട്ടിംഗ് സോളാർ നിലയങ്ങളിൽ നിന്ന് 150 മെഗാവാട്ട് വൈദ്യുതിയും സൗരോർജ്ജ പാർക്കിൽ നിന്നും 100 മെഗാവാട്ട് വൈദ്യുതിയും, വൈദ്യുതി വാങ്ങൽ കരാറിലൂടെ 200 മെഗാവാട്ട് വൈദ്യുതിയും മറ്റ് മാർഗ്ഗങ്ങളിലൂടെ 50 മെഗാവാട്ട് വൈദ്യുതിയും ഉത്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>പുരപ്പുറ സൗരോർജ്ജ പദ്ധതിയിലേയ്ക്ക് 2,78,258 ഉപഭോക്താക്കളാണ് അപേക്ഷ നൽകിയിരിക്കുന്നത്. കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് കോഡിനേറ്റർമാർ മേൽപ്പറഞ്ഞ എല്ലാ സ്ഥലങ്ങളും സന്ദർശിച്ച് നടത്തിയ പ്രാഥമിക സാദ്ധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ 42,489 പുരപ്പുറങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | വീട്ടുടമയ്ക്ക് സാമ്പത്തിക നേട്ടവും ബോർഡിന് വൈദ്യുതിയും ലഭ്യമാകുമായിരുന്ന പദ്ധതി പാതി വഴിയിൽ ഉപേക്ഷിക്കാനുണ്ടായ സാഹചര്യമെന്ത്; വിശദാംശങ്ങൾ നൽകുമോ; | | |
| (സി) | ലക്ഷക്കണക്കിന് അപേക്ഷകൾ ബോർഡിന് ലഭിച്ച ഈ പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**